# INTERNATIONAL INDIAN SCHOOL-DAMMA

SUMMATIVE ASSESSMENT -II, MARCH-2013

MALAYALAM — CLAS

TIME : 3 Hours — MARKS -

StudentBounty.com

I ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കടലാസും അച്ചടിയും ഇല്ലാത്ത ഒരുകാലം നമുക്ക് ഉണ്ടായിരുന്നു. അന്നു കരിങ്കല്ലിലും മൺപലകകളിലും ലോഹത്തകിടുകളിലും മറ്റും വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു. ഗ്രന്ഥങ്ങൾ ഉണ്ടാക്കാൻ താളിയോലകളും പാപ്പിറസ് ചുരുളുകളും ഉപയോഗിച്ചിരുന്നു. ലോകത്ത് ആദ്യമായി അച്ചടിസമ്പ്രദായം ആരംഭിച്ചത് ചൈനയിലാണ്. മരപ്പലകയിൽ അച്ചുകൾ കൊത്തിയുണ്ടാക്കി മഷി പുരട്ടിയാണ് അവർ അച്ചടിച്ചത്. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവയുടെ അച്ചുകൾ ഉണ്ടാക്കി അവയിൽ മഷി പുരട്ടി പതിപ്പെടുക്കുന്നതിനെയാണ് അച്ചടി എന്നു പറയുന്നത്. അച്ചടിമഷി സാധാരണ മഷി പോലെയല്ല. കട്ടികൂടിയ കുഴമ്പുരൂപത്തിലുള്ളതാണ്. ആധുനിക അച്ചടിവിദ്യയുടെ പിതാവ് ജർമൻകാരനായ ജോഹൻ ഗുട്ടൻബർഗാണ്. ഇന്നത്തെ ലോകത്തിൽ അച്ചടിക്കുള്ള പ്രാധാന്യം വളരെ വലുതാണ്. നമ്മുടെ വിജ്ഞാനസമ്പത്ത് സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ് അച്ചടി കൊണ്ടുള്ള ഏറ്റവും വലിയ നേട്ടം.

1. അച്ചടി എന്നാൽ എന്ത്? 2
2. അച്ചടി ഇല്ലാതിരുന്ന കാലത്ത് എങ്ങനെയാണ് വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നത്? 2

www.StudentBounty.com
Homework Help & Pastpapers

| | | |
|---|---|---|
| | അവർ എങ്ങനെയാണ് അച്ചടിച്ചിരുന്നത്? | |
| 4. | അച്ചടി കൊണ്ടുള്ള ഏറ്റവും വലിയ നേട്ടം എന്ത്? | 1 |
| 5. | ആധുനിക അച്ചടിവിദ്യയുടെ പിതാവ് ആര്? | 1 |
| 6. | ഗ്രന്ഥങ്ങൾ ഉണ്ടാക്കാൻ എന്തെല്ലാം ഉപയോഗിച്ചിരുന്നു? | 1 |
| II | ബോക്സിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക. | 5 |
| | (ക്ഷ, ഷ്ഠ, ഷ്യ, ഗ, ക്ര, സ്ഥ, ദ, ഷ്, ത, ക്തി, ത്യ, ശ്, ക്ഷ, ക്യ, വ) | |
| | 1. പ്ര_ശ 2. ദു_ഗന്ധി 3. ലക്ഷ്യ_നം 4. ഏക_കി | |
| 5 | പരിഷ്_തം 6. ദേ_ല 7. അനുപേ_ണീയം | |
| 8. | യു_ചിന്ത 9. മനു_സ്നേഹി 10. അവ_ണന. | |
| III | അർത്ഥം എഴുതുക. | 10 |
| | 1. നേരം 2. പ്രഹരം 3. ആഹ്വാനം 4. അഗാധം | |
| | 5. നവാതിഥി 6. ഗണ്യം 7. വിരളം 8. ദൃഷ്ടി | |
| | 9. പരിമയുമിക 10. സിദ്ധി. | |
| IV | വിപരീതം എഴുതുക. | 5 |
| | 1. ആധുനികം 2. ശക്തം 3. പണ്ഡിതൻ | |
| | 4. കഠിനം 5. വ്യക്തം | |
| V | പര്യായം എഴുതുക. | 10 |
| | 1. ഗുഹ 2. രാവ് 3. വാനരൻ 4. ഭക്ഷണം | |
| | 5. ഹിമം 6. പർവ്വതം 7. പ്രഭാതം 8. സത്യം | |
| | 9. ആണ്ട് 10. ദുഃഖം. | |
| VI | നാനാർത്ഥം എഴുതുക. | 3 |
| | 1. മണ്ഡലം 2. പത്രം 3. നവം | |

StudentBounty.com
www.StudentBounty.com
Homework Help & Pastpapers

StudentBounty.com

VII. ചേർത്തെഴുതുക

1. എന്നും + എന്റെ 2. തേടി + തേടി
3. ഉടൻ + ഉടൻ 4. അതിവേഗം + ഇൽ
5. പതുങ്ങി + ഇരിക്കും 5. കുട്ടി + കാലം
6. ഇത്രയും + എടുത്തിട്ട് 7. കാടൻ + ഉണ്ട്
8. ഗുണം + കൾ.

VIII. പിരിച്ചെഴുതുക 4

1. ഒരുപാധി 2. ആയിരമായിരം 3. നേരമിന്നും
4. കനൽക്കട്ട 5. പക്ഷിയിൽ 6. നവാതിഥി
7. പിൽക്കാലം 8. ആദ്യമൊക്കെ.

IX. ഒറ്റപ്പദമാക്കുക 4

1. വായുവിന്റെ പുത്രൻ 2. രാമന്റെ കാര്യം
3. നാഗങ്ങളുടെ മാതാവ് 4. ലങ്കയുടെ ലക്ഷ്മി

X. വാക്യത്തിൽ പ്രയോഗിക്കുക (any three) 3

1. തലപുകഞ്ഞാലോചിക്കുക 2. അതിജീവിക്കുക
3. വിജയാശംസകൾ 4. ആകാംക്ഷ

XI. കവിത പൂരിപ്പിക്കുക. (8 വരി) 4

'കുഞ്ഞേ, തുളുമ്പാൻ ............ തിരക്കു കൂട്ടുന്നു'.

XII ഖണ്ഡിക തയ്യാറാക്കുക 5

'അച്ചടക്കം'

www.StudentBounty.com
Homework Help & Pastpapers

XIII ഉത്തരം ബ്രാക്കറ്റിൽ നിന്നെടുത്തെഴുതുക.

1. ഭാരതത്തിലെ ആദ്യവർത്തമാനപ്പത്രം പ്രസിദ്ധീകരിച്ചത് ഏതു ഭാഷയിലാണ്?
( ഹിന്ദി, ഇംഗ്ലീഷ് )

2. ബർണാഡ്ഷായ്ക്കു നോബൽസമ്മാനം ലഭിച്ചത് ഏതു വർഷം?
(1925, 1950)

3. "ഈ നൂറ്റാണ്ടിന്റെ നെട്ടപ്പുറത്തു കൂടി തീർത്താഞ്ഞ ഒരു ചാട്ടവാറ്" എന്ന് ഷായെ വിശേഷിപ്പിച്ചത് ആര്?
( ഷേക്സ്പിയർ, എ. ജി. ഗാർഡിനർ )

4. കേണൽ ചാൾസ് ലിൻഡ്ബർഗ് ഏതു രാജ്യക്കാരനായിരുന്നു?
( അമേരിക്ക, ഫ്രാൻസ് )

5. സീതയെ എവിടെയാണ് ഹനുമാൻ കണ്ടെത്തിയത്?
( അശോകവനത്തിൽ, വൃന്ദാവനത്തിൽ )

6. പ്രസ് അക്കാദമി സ്ഥാപിതമായത് ഏതു വർഷം?
(1979, 1974)

XIV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 3

1. നാളേക്കുവേണ്ടി എന്ന കവിത എഴുതിയതാര്?
2. ബർണാഡ്ഷായുടെ രണ്ടു നാടകങ്ങളുടെ പേര് എഴുതുക?
3. ഭാരതത്തിൽ ആരംഭിച്ച ആദ്യത്തെ വർത്തമാനപ്പത്രം ഏത്?

StudentBounty.com
www.StudentBounty.com
Homework Help & Pastpapers

XV ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക

1. മൈനാകത്തിനോട് ഹനുമാൻ എന്തു മറുപടി ആണ് പറഞ്ഞത്?

2. തള്ളക്കോഴി കുഞ്ഞുങ്ങളെ കൊത്തിമാറ്റുന്നത് എന്തിനാണ്?

3 ബർണാഡ്ഷാ പത്രപ്രവർത്തന രംഗത്തേക്ക് തിരിഞ്ഞത് എന്തിന്?

XVI. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക 12

1. ഹനുമാൻ ലങ്കയിലേക്കു ചാടാൻ തയ്യാറെടുത്തത് എങ്ങനെ?

2. ബർണാഡ്ഷാ നാടകരചന ആരംഭിക്കാൻ ഇടയായതെങ്ങനെ?

3. പത്രപ്രവർത്തനത്തിന്റെ ആദ്യരൂപം എന്ത്?

4. തള്ളക്കോഴിയുടെ ഉപദേശത്തിൽ നിന്ന് നമുക്കെന്തു പഠിക്കാം?

StudentBounty.com

www.StudentBounty.com
Homework Help & Pastpapers